# Athmaraksha.org

പ്രത്യേക അവസരങ്ങളിലെ പ്രാർത്ഥനകൾ

## ഗർഭിണികളുടെ പ്രാർത്ഥന-Pregnant




## ഗർഭിണികളുടെ പ്രാർത്ഥന

പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ആമ്മേൻ. മനുഷ്യനെ പുരുഷനും സ്ത്രീയുമായി സൃഷ്ടിക്കുകയും പുരുഷനു പിതൃത്വവും സ്ത്രീക്കു മാതൃത്വവും നല്കുകയും ചെയ്ത ദൈവമേ എന്നെ ഒരു മാതാവാക്കി ഉയർത്തിയതിന് അങ്ങയോടു ഞാൻ നന്ദി പറയുന്നു. അങ്ങയുടെ സൃഷ്ടികർമ്മത്തിൽ പങ്കാളിയാകുവാൻ അനുവദിച്ച അങ്ങുതന്നെ, എന്റെ ഉദരത്തിൽ ഉള്ളതമായിരിക്കുന്ന ശിശുവിനെ ആരോഗ്യവും സൗന്ദര്യവും നല്കി അനുഗ്രഹിക്കണമേ. ആശയും ആശങ്കയും മാറി മാറി വരികയും ഞാൻ ബലഹീനയായി ഭവിക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന ഈ ഘട്ടത്തിൽ അങ്ങയുടെ ദിവ്യസാന്നിദ്ധ്യത്താലും ചൈതന്യത്താലും എന്നെ ധൈര്യവതിയാക്കണമേ. മാതൃത്വംവഴി സ്ത്രീ അനുഗ്രഹീതയാകണമെന്ന് ആഗ്രഹിക്കുന്ന ദൈവമേ, മാതൃത്വത്തോട് അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്ന ആശങ്കകളേയും ക്ലേശങ്ങളേയും സമചിത്തതയോടെ നേരിടുവാൻ പ്രാപ്തയാക്കണമേ. വേദന സഹിച്ചുകൊണ്ടാണെങ്കിലും ഒരു കുഞ്ഞിന്റെ മുഖം കണ്ടു സന്തോഷിക്കുവാൻ സാധിക്കുമെന്ന പ്രതീക്ഷയിൽ എന്നെ നയിക്കേണമേ. പരിശുദ്ധ കന്യകാമറിയത്തെ അങ്ങയുടെ തിരുസുതന്റെ മാതാവാക്കി ഉയർത്തികൊണ്ടു മാതൃത്വത്തെ മഹത്വപ്പെടുത്തിയ ദൈവമേ, എന്നേയും എന്റെ ശിശുവിനെയും അനുഗ്രഹിച്ച് ആശീർവദിക്കണമേ . ആമ്മേൻ.

ദൈവമാതാവായ കന്യാമറിയമേ എനിക്കുവേണ്ടി പ്രാർത്ഥിക്കണമേ. മാതാക്കളുടെ മദ്ധ്യസ്ഥനായ വിശുദ്ധ ജരാർദേ, എനിക്കുവേണ്ടി പ്രാർത്ഥിക്കേണമേ.

## തിരുവചനം

കർത്താവിന്റെ ദാനമാണ് മക്കൾ,ഉദരഫലം ഒരു സമ്മാനവും (സങ്കീർത്തനങ്ങൾ 127:3)

മാതാവിന്റെ ഉദരത്തിൽ നിനക്കു രൂപം നൽകുന്നതിനു മുൻപേ ഞാൻ നിന്നെ അറിഞ്ഞു, ജനിക്കുന്നതിനു മുൻപേ ഞാൻ നിന്നെ വിശുദ്ധീകരിച്ചു, ജനതകൾക്കു പ്രവാചകനായി ഞാൻ നിന്നെ നിയോഗിച്ചു (ജറെമിയാ 1:5).

എനിക്കു രൂപം ലഭിക്കുക്കുന്നതിനുമുൻപുതന്നെ, അവിടുത്തെ കണ്ണുകൾ എന്നെ കണ്ടു, എനിക്കു നിശ്ചയിക്കപ്പെട്ടിട്ടുള്ള നാളുകൾ ഉണ്ടാകുന്നതിനു മുൻപുതന്നെ, അങ്ങയുടെ പുസ്തകത്തിൽ അവ എഴുതപ്പെട്ടു. ദൈവമേ, അവിടുത്തെ ചിന്തകൾ എനിക്ക് എത്ര അമൂല്യമാണ് അവ എത്ര വിപുലമാണ് (സങ്കീർത്തനങ്ങൾ 139:16-17).

അവൾ കഴിവും അന്തസ്സും അണിയുന്നു, ഭാവിയെ നോക്കി പുഞ്ചിരിക്കുന്നു (സുഭാഷിതങ്ങൾ 31:25).

+++